## തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർ പേഴ്സണും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം

*(സാന്നിദ്ധ്യം- ഹരിത വി കുമാർ IAS)*

വിഷയം: കോവിഡ് 19 രോഗവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ Weekly Infection population Ratio (WIPR) പ്രകാരം ലോക്ഡൗൺ പ്രദേശങ്ങൾ തരം തിരിച്ച് ഉത്തരവാകുന്നു.

പരാമർശം:

01 ദുരന്തനിവാരണം(എ)വകുപ്പിന്റെ സ.ഉ.(സാധാ)- 564/2021/ ഡി.എംഡി തിയതി.04.08.2021

02 ജില്ലാ കളക്ടറുടെ 29.07.2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

03. ദുരന്തനിവാരണം(എ)വകുപ്പിന്റെ സ.ഉ.(സാധാ)- 571/2021/ ഡി.എംഡി തിയതി.07.08.2021.

04. ദുരന്തനിവാരണം (എ)വകുപ്പിന്റെ സ.ഉ.(സാധാ) 575/2021/ ഡി.എംഡി തിയതി.10.08.2021

**ഉത്തരവ് നമ്പർ - DCTSR/ H4/ 14476/ 2019 .തിയതി.11.08.2021.**

കൊറോണ വൈറസ് ബാധ (കോവിഡ് 19) ലോകവ്യാപകമായി അതിവേഗം പടരുന്ന ഒരു മഹാമാരിയായി തീർന്നിരിക്കുകയാണ്.കേന്ദ്ര സർക്കാർ കോവിഡ് 19-നെ അംഗീകൃത ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി പ്രതിരോധ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. കോവിഡ്-19 രോഗ വ്യാപനത്തിന്റെ രണ്ടാം തരംഗം രാജ്യത്ത് പ്രകടമായി തുടങ്ങിയ സാഹചര്യത്തിൽ കേരള സർക്കാർ അതീവജാഗ്രതയിലാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

സംസ്ഥാനത്ത് കോവിഡ് വ്യാപന തോത് വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ രോഗ വ്യാപനം നിയന്ത്രിക്കുന്നതിലേക്കായി നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അധികാരപ്പെടുത്തിയിട്ടുള്ളതാണ്. മേൽ പരാമർശം 4 പ്രകാരം Weekly Infection Population Ratio (WIPR) അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപനതോത് 8 ൽ കൂടുതൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശങ്ങളെ അതിതീവ്ര ലോക്ഡൗൺ പ്രദേശങ്ങളായി പ്രഖ്യാപിച്ച് ഉത്തരവാകുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സണും ,ജില്ലാ മജിസ്ട്രേറ്റും, ജില്ലാ കളക്ടറുമായ ഹരിത വി കുമാർ ഐ എ എസ് എന്ന ഞാൻ ദുരന്തനിവാരണ നിയമം-2005 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം

വിനിയോഗിച്ച് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിലേയ്ക്ക്, തൃശ്ശൂർ ജില്ലയിലെ താഴെ പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശങ്ങളെ അതിതീവ്ര ലോക്ഡൗൺ നിയന്ത്രണ പ്രദേശങ്ങളായി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| Sl. No | Name of LSGI (GP/Mnicipality/Corp) | Division. No/ Ward Name | Covid Case per 1000 Population |
|---|---|---|---|
| 1 | Thrissur Corporation | 10- Mukkattukara | 10 |
| 2 | Kodungallur Municipality | 5, Town ward | 11 |
| 3 | Kodungallur Municipality | 9, Viyyathukulam | 26 |
| 4 | Kodungallur Municipality | 19, Palliyamthuruthu | 18 |
| 5 | Kodungallur Municipality | 26, VP Thuruthu | 14 |
| 6 | Kodungallur Municipality | 27, Chalakulam | 10 |
| 7 | Kodungallur Municipality | 32, Anchapalam | 10 |
| 8 | Kodungallur Municipality | 36, Perumthodu | 10 |
| 9 | Wadakkanchery Municipality | 10, Ottupara,Town West | 10 |
| 10 | Wadakkanchery Municipality | 17, Marathukunnu | 18 |
| 11 | Wadakkanchery Municipality | 20, Ottupara Town East | 14 |
| 12 | Wadakkanchery Municipality | 28, Parlikkad West | 14 |
| 13 | Wadakkanchery Municipality | 30, Minalur Vadakkekkara | 14 |
| 14 | Wadakkanchery Municipality | 32, Athani | 10 |
| 15 | Wadakkanchery Municipality | 33, Ambalapuram | 12 |
| 16 | Wadakkanchery Municipality | 38, Mundathikode South | 18 |
| 17 | Irinjalakuda Municipality | 32, Civil Station | 17 |
| 18 | Irinjalakuda Municipality | 36, Fire Station | 14 |
| 19 | Irinjalakuda Municipality | 40, Thaliyakonam North | 13 |
| 20 | Chavakkad Municipality | 2, Gramakulam | 12 |
| 21 | Chavakkad Municipality | 10, Ovungal | 10 |
| 22 | Chavakkad Municipality | 12, Palayur East | 15 |
| 23 | Chavakkad Municipality | 14, Palayur | 10 |

| | | | |
|---|---|---|---|
| 24 | Chavakkad Municipality | 15, Palayur West | 11 |
| 25 | Chavakkad Municipality | 16, Chavakkad Town | 10 |
| 26 | Chavakkad Municipality | 23, Blangad Beech | 10 |
| 27 | Chavakkad Municipality | 24, Dwaraka Beech, | 20 |
| 28 | Chavakkad Municipality | 25, Pulichira kettu west | 10 |
| 29 | Chavakkad Municipality | 28, Puthan kadapuram South | 11 |
| 30 | Chavakkad Municipality | 30, Puthiyara | 31 |
| 31 | Chavakkad Municipality | 31, Thiruvathra | 12 |
| 32 | Chalakudy Municipality | 07, Pottachira | 15 |
| 33 | Guruvayur Municipality | 09, Vilakkattupadam | 13 |
| 34 | Guruvayur Municipality | 11, Chakkamkandam | 10 |
| 35 | Guruvayur Municipality | 19, Karakkad | 9 |
| 36 | Guruvayur Municipality | 39, Perakam | 10 |
| 37 | Orumanayur GP | All wards | 9 |
| 38 | Thalikulam GP | All wards | 9 |
| 39 | Kaippamangalam GP | All wards | 9 |

മേൽ പ്രസ്താവിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ പരാമർശം 02 പ്രകാരം കാറ്റഗറി 'ഡി' യിൽ ഏർപ്പെടുത്തിയിരുന്ന ലോക്ഡൗൺ നിയന്ത്രണങ്ങൾ ബാധകമാക്കി ഉത്തരവാകുന്നു. പ്രസ്തുത പ്രദേശങ്ങളിൽ അടിയന്തര ആവശ്യങ്ങൾക്കും അനുവദനീയമായ ആളുകൾക്കുമല്ലാതെ മറ്റാർക്കും അകത്തേക്കും പുറത്തേക്കുമുള്ള സഞ്ചാരം അനുവദനീയമല്ല.

**മറ്റു പ്രദേശങ്ങളിൽ താഴെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.**

01 കടകൾ, മാർക്കറ്റുകൾ, ബാങ്കുകൾ, ഓഫീസുകൾ, ഫിനാൻഷ്യൽ സ്ഥാപനങ്ങൾ, ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, തുറസ്സായ (Out door) ടൂറിസം കേന്ദ്രങ്ങൾ, മറ്റുസ്ഥാപനങ്ങൾ എന്നിവയ്ക്ക് തിങ്കൾ മുതൽ ശനി വരെ എല്ലാദിസവും പ്രവർത്തിക്കാവുന്നതാണ്. എല്ലാ കടകളിലും ടൂറിസം കേന്ദ്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും അവിടെയുള്ള വാക്സിനേഷൻ നടത്തിയ ജീവനക്കാരുടെ വിവരവും ഒരേസമയം എത്രപേരെ പ്രവേശിപ്പിക്കാമെന്ന വിവരവും (25 ചതുരശ്ര അടി സ്ഥലം ഒരാൾക്ക് ലഭ്യമാകുന്ന രീതിയിൽ) പ്രദർശിപ്പിക്കേണ്ടതാണ്. കടകളിലും സ്ഥാപനങ്ങളിലും അകത്തുംപുറത്തും തിരക്ക് നിയന്ത്രിക്കേണ്ടതിന്റെ ഉത്തരവാദിത്വം സ്ഥാപന ഉടമകൾക്കും സ്ഥാപന മേധാവികൾക്കുമായിരിക്കും.

02 സർക്കാർ ഓഫീസുകൾ, കമ്പനികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ, എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾ തിങ്കൾ മുതൽ വെള്ളിവരെ പ്രവർത്തിക്കാവുന്നതാണ്.

03 കടകൾ, മാർക്കറ്റുകൾ, ബാങ്കുകൾ, ഓഫീസുകൾ, ഫിനാൻഷ്യൽ സ്ഥാപനങ്ങൾ, ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, തുറസ്സായ (Out door) ടൂറിസം കേന്ദ്രങ്ങൾ, മറ്റുസ്ഥാപനങ്ങൾ എന്നിവയിൽ പ്രവേശിക്കുന്ന ആളുകൾ, ഒരുഡോസ് വാക്സിൻ എടുത്ത് രണ്ടാഴ്ച കഴിഞ്ഞവരോ, 72 മണിക്കൂറിനുള്ളിലുള്ള ആർ ടി പി സി ആർ നെഗറ്റീവ് സർട്ടിഫിക്കറ്റ് കൈവശമുള്ളവരോ കോവിഡ് പോസിറ്റീവായി ഒരുമാസത്തിൽ കൂടുതലായവരോ ആയിരിക്കണം. അത്തരം ആളുകളുടെ കൂടെ കുട്ടികളെയും കൊണ്ടുപോകാവുന്നതാണ്. (മേൽ നിബന്ധനകൾ പ്രകാരമുള്ള ആളുകൾ ഒരു വീട്ടിൽ ഇല്ലാത്ത പക്ഷം അടിയന്തരാവശ്യങ്ങളായ ഭക്ഷണം, പാൽ ,പലവ്യഞ്ജനം, ഇറച്ചി, മീൻ എന്നിവ വാങ്ങുന്നതിനായി വീട്ടിലെ മറ്റുള്ളവർക്ക് പുറത്തിറങ്ങാവുന്നതാണ്.അത്തരം ആളുകൾക്ക് കടകളിലും മറ്റും മുൻഗണന നൽകേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം വീടുകളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും അവശ്യ സാധനങ്ങളുടെ ഹോം ഡെലിവറി ഉറപ്പ് വരുത്തേണ്ടതുമാണ്.)

04 അവശ്യസേവനങ്ങളായ വാക്സിനേഷൻ, കോവിഡ് ടെസ്റ്റിംഗ്, ചികിത്സാവശ്യങ്ങൾ, മരുന്നുവാങ്ങൽ, അടുത്ത ബന്ധുക്കളുടെ മരണം/വിവാഹം ദീർഘദൂര ബസ് യാത്ര, ട്രെയിൻയാത്ര, വിമാന യാത്ര, കപ്പൽയാത്ര, പരീക്ഷകൾ തുടങ്ങിയവയ്ക്കുള്ള യാത്രകൾക്കും മേൽനിബന്ധന 03 പാലിക്കാതെത്തന്നെ പോകാവുന്നതാണ്.

05 എല്ലാ കടകൾക്കും സ്ഥാപനങ്ങൾക്കും രാവിലെ 07.00 മണി മുതൽ വൈകീട്ട് 09.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ, കടകളുടെയും സ്ഥാപനങ്ങളുടെയും വിസ്തീർണ്ണത്തിനനുസരിച്ച് (25 ചതുരശ്രഅടി സ്ഥലംഒരാൾക്ക് ലഭ്യമാകുന്ന രീതിയിൽ) മാത്രമേ ആളുകളെ പ്രവേശിപ്പിക്കാവൂ.

06 ഹോട്ടലുകൾക്കും റെസ്റ്റോറൻറുകൾക്കും വൈകീട്ട് 09.30 മണിവരെ പ്രവർത്തിക്കാവുന്നതാണ്. ഹോട്ടലുകളുടെ അകത്തിരുന്ന് ഭക്ഷണം കഴിക്കുന്നത് അനുവദനീയമല്ല. ഓൺലൈൻ ഡെലിവറിയും പാഴ്സലും മാത്രം അനുവദിക്കുന്നതാണ്. എന്നാൽ തുറസ്സായ സ്ഥലങ്ങളിലും വാഹനങ്ങൾക്കകത്തും പാർക്കിംഗ് ഏരിയകളിലും 6 അടി അകലംപാലിച്ച് ഭക്ഷണം കഴിക്കാവുന്നതാണ്.

07 എല്ലാ പൊതുഗതാഗതവും കർശനമായ കോവിഡ് 19 പ്രോട്ടോകോൾപാലിച്ച് നടത്താവുന്നതാണ്.

08 എല്ലാ മത്സരപരീക്ഷകളും റിക്രൂട്ട്മെൻറുകളും യൂണിവേഴ്സിറ്റി പരീക്ഷകളും സ്പോർട്സ് ട്രയലുകളും അനുവദനീയമാണ്.

09 സ്കൂളുകൾ, കോളേജുകൾ, ട്യൂഷൻ സെൻററുകൾ, സിനിമാശാലകൾ എന്നിവ അനുവദനീയമല്ല.

10 മാളുകളിൽ മുൻ ക്രമനമ്പർ 1,5,6 എന്നിവയിൽ പറയും പ്രകാരം, ബന്ധപ്പെട്ട കടകൾക്കും സ്ഥാപനങ്ങൾക്കും തുറന്നു പ്രവർത്തിക്കാവുന്നതാണ്. എന്നാൽ എല്ലാ വിധ മുന്നൊരുക്കങ്ങളും നടത്തിയിരിക്കണം. കൂടാതെ കോവിഡ്-19 പ്രോട്ടോക്കോൾ (മാസ്ക്,സാനിറ്റൈസർ, ശരീരോഷ്മാവ് പരിശോധിക്കൽ, സാമൂഹികാകലം പാലിക്കൽ തുടങ്ങിയവ) പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി മാളുകളുടെ പ്രവേശന കവാടങ്ങളിൽ ഓരോ ജീവനക്കാരനെ പ്രത്യേകമായി നിയമിക്കേണ്ടതാണ്.

11 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഓൺലൈൻ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി തുറക്കാവുന്നതാണ്.

12 എല്ലാ സ്ഥലങ്ങളിലുമുള്ള ഹോട്ടലുകളിലും റിസോർട്ടുകളിലും മറ്റുമുള്ള താമസസൗകര്യങ്ങൾ ബയോ-ബബിൾ മോഡലിൽ എല്ലാ ദിവസവും അനുവദനീയമാണ്.

13 സാമൂഹ്യ സാംസ്കാരിക പൊതുപരിപാടികൾ, രാഷ്ട്രീയ പാർട്ടികളുടെ കൂടിച്ചേരലുകൾ എന്നിവ അനുവദനീയമല്ല.

14 വിവാഹങ്ങൾക്കും മരണാനന്തര ചടങ്ങുകൾക്കും പരമാവധി 20 പേർക്ക് പങ്കെടുക്കാവുന്നതാണ്.

15 ആരാധനാലയങ്ങളിൽ സ്ഥലവിസ്തൃതിക്കനുസരിച്ച് (25 ചതുരശ്രഅടി സ്ഥലംഒരാൾക്ക് ലഭ്യമാകുന്ന രീതിയിൽ) പരമാവധി 40 പേരെ പങ്കെടുപ്പിക്കാവുന്നതാണ്.

16 എല്ലാ സർക്കാർ വകുപ്പുകളും ഓൺലൈനിലൂടെയും സാമൂഹ്യമാധ്യമങ്ങൾ വഴിയും കോവിഡ് നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് അറിവിലേക്ക് നൽകേണ്ടതാണ്.

17 എല്ലാ കടകളും സ്ഥാപനങ്ങളും പരമാവധി ഹോംഡെലിവറിയും ഓൺലൈൻ ഡെലിവറിയും മാത്രം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

18. മുഹറം, ഓണം, ജന്മാഷ്ടമി, ഗണേശചതുർത്ഥി, ദുർഗാപൂജ തുടങ്ങി ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ കാണികളായി വരുന്നതിനോ, കൂട്ടംകൂടുന്നതിനോ പാടുള്ളതല്ല.

19. താഴെ പറയുന്ന വകുപ്പുകൾ താഴെപറയുന്ന മേഖലകളിൽ കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| വകുപ്പ് | ശ്രദ്ധിക്കേണ്ട മേഖല |
|---|---|
| ട്രാൻസ്പോർട്ട് വകുപ്പ് | ബസ് സ്റ്റോപ്പുകളും ബസ് ഡിപ്പോകളും, ബസ് സ്റ്റാൻറുകളും |
| ഫിഷറീസ് വകുപ്പ് | മത്സ്യമാർക്കറ്റുകൾ, ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെൻററുകൾ |
| തദ്ദേശ സ്വയംഭരണ വകുപ്പ് | മാർക്കറ്റുകളും പൊതുസ്ഥലങ്ങളും |
| ലേബർ വകുപ്പ് | കയറ്റിറക്ക് സെൻററുകൾ |
| വ്യവസായ വകുപ്പ് | വ്യവസായ മേഖലകളും, നിർമ്മാണ മേഖലകളും |

റവന്യൂ / ആരോഗ്യം / പോലീസ് / തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട അധികാരികൾ, സെക്ടറൽ മജിസ്ട്രേറ്റുമാർ എന്നിവർ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഓഗസ്റ്റ് 15 ഞായർ സ്വാതന്ത്ര്യദിനത്തിൽ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

*മേൽ ഉത്തരവുകൾ ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ചവ്യാധി നിയന്ത്രണ നിയമം അനുസരിച്ചും 1875 ലെ പൊതുജനാരോഗ്യ നിയമപ്രകാരവും 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരവും നിയമനടപടികൾ സ്വീകരിക്കുന്നതാണ്.*

***(2021 ആഗസ്റ്റ് 11-ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ ,
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ

പകർപ്പ്:

1. മേയർ, തൃശ്ശൂർ കോർപ്പറേഷൻ
2. ജില്ലയിലെ എല്ലാ എം.എൽ. എ മാർക്കും
3. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ
4. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് (ദുരന്തനിവാരണം) തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

5. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6. കമ്മീഷണർ, ദുരന്ത നിവാരണം തിരുവനന്തപുരം
7. ജില്ലാ പോലീസ് മേധാവി തൃശ്ശൂർ റൂറൽ / തൃശ്ശൂർ സിറ്റി (ബന്ധപ്പെട്ട സ്റ്റേഷൻഹൌസ് ആഫീസർമാർക്കും പകർപ്പ് നൽകുന്നതിലേക്കായി)
8. എല്ലാ താലൂക്ക് തഹസിൽദാർമാർക്കും (അറിവിലേക്കും തുടർനടപടികൾക്കുമായി)
9. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് തൃശ്ശൂർ (ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ച് തുടർനടപടികൾക്കായി)
10. ഡെപ്യൂട്ടി കളക്ടർ ഡിസാസ്റ്റർ മാനേജ്മെൻറ് & കോവിഡ് -19 ജില്ലാ നോഡൽ ഓഫീസർ.
11. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിൻെറ സി എ യ്ക്ക്
12. സെക്രട്ടറി തൃശ്ശൂർ കോർപ്പറേഷൻ (എല്ലാ ഡിവിഷൻ കൌൺസിലേഴ്സിനേയും അറിയിക്കേണ്ടതാണ്)
13. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (എല്ലാ ഡിവിഷൻ കൌൺസിലേഴ്സിനേയും അറിയിക്കേണ്ടതാണ്)
14. ജില്ലാ ഇൻഫർമേഷൻ ആഫീസർ തൃശ്ശൂർ (മേൽ വിഷയം സംബന്ധിച്ച് മാധ്യമങ്ങളിൽ പ്രസിദ്ധികരിക്കുന്നതിനായി )
15. ജില്ലാ ഇൻഫർമേറ്റിക്സ് ആഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കന്നതിനായി)
16. ജില്ലാ നോഡൽ ഓഫീസർ & അസിസ്റ്റന്റ് നോഡൽ ഓഫീസർ
(എല്ലാ സെക്ടറൽ മജിസ്ട്രേറ്റ് & കോവിഡ് സെന്റിനൽസിനെയും അറിയിക്കുന്നതിനായി)
17. കെ 6 സീറ്റ്